പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 653 | 29.1.2019 -ൽ മറുപടിയ്ക്ക്

## വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.കാരാട്ട് റസാഖ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | വിദേശികളായ വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | എ) | ടൂറിസം വകുപ്പ് കൂടുതൽ ശക്തവും വിപുലവുമായ പ്രചാരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ കൂടുതൽ ശക്തമായ സാന്നിധ്യം അറിയിക്കുന്നതിന് വേണ്ടി അച്ചടി മാധ്യമങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങി പൊതുജന സാന്നിധ്യം കൂടുതലുള്ള സ്ഥലങ്ങളിൽ പ്രചാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. രാജ്യത്തും പുറത്തുമുള്ള വിവിധ നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുക, പ്രധാനപ്പെട്ട വിപണന മേളകളിൽ പങ്കെടുക്കുക തുടങ്ങിയ പരമ്പരാഗത വിപണന തന്ത്രങ്ങളിൽ ഏർപ്പെടുന്നതിനു പുറമെ സമൂഹമാധ്യമങ്ങളിലൂടെ സജീവമായ പ്രചാരണ പരിപാടികളും ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു. ടൂർ ഓപ്പറേറ്റർമാർ വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി FAM ടൂറുകൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിന്റെ വിനോദസഞ്ചാര ഭൂപടത്തിൽ സ്ഥാനം ഉറപ്പിക്കുവാനും കൂടുതൽ മുന്നേറുവാനുമായി "It's time for Kerala" എന്ന പേരിൽ ഒരു campaign ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി വരും വർഷങ്ങളിൽ കൂടുതൽ വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ കഴിയും എന്ന് വിനോദ സഞ്ചാര വകുപ്പ് പ്രതീക്ഷിക്കുന്നു. |
| ബി) | ഇതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് | ബി) | നിലവിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായ എല്ലാ പദ്ധതികളും ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക രീതിയിലുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | | വിനോദസഞ്ചാരികൾക്ക് അനുഭവ വേദ്യമാക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്. ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ നൽകുന്ന തരത്തിലാണ് നടപ്പാക്കി വരുന്നത്. ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായും വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനം ടൂറിസം സെന്ററുകളിൽ ലഭ്യമാക്കുന്നതിനുമായി ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി പ്രകാരം വിവിധ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. കൂടാതെ അംഗ പരിമിതരായ സഞ്ചാരികൾക്കായി പ്രധാനപ്പെട്ട എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും " ബാരിയർ ഫ്രീ കേരള മേക്കിംഗ് ടൂറിസം അക്സസിബിൾ ഫോർ ഓൾ " എന്ന പദ്ധതി പ്രകാരവും സൗകര്യങ്ങൾ ഏർപ്പെടുത്തി വരികയാണ്. |
| സി) | വിദേശ വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിന് വിവിധ ഓൺലൈൻ, സോഷ്യൽ മീഡിയകൾ മുഖേന വിദേശ രാജ്യങ്ങളിൽ പ്രചരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കി വരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.<br>• നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റഗ്രാം, യൂട്യൂബ് എന്നിവയിലൂടെ ഉള്ള ഓൺലൈൻ പ്രചാരണങ്ങൾ<br>• ഓൺലൈൻ ടൂർ പ്ലാനറുകൾ<br>• ലൈവ് ടെലികാസ്റ്റുകൾ<br>• ക്ലിന്റ് പെയിന്റിംഗ് കോംപറ്റീഷൻ ഉൾപ്പെടെയുള്ള ഓൺലൈൻ മത്സരങ്ങൾ<br>• ഇ ബ്രോഷറുകൾ<br>• ടൂറിസം ഡെസ്റ്റിനേഷനുകളുടെ റിസോഴ്സ് മാപ്പിംഗ്<br>• ഹോളിഡേ IQ, ട്രിപ്പ് അഡ്വൈസർ, ഭാരത് മാട്രിമോണി എന്നിവയിലൂടെയുള്ള ഓൺലൈൻ പ്രചാരണം<br>• കൂടുതൽ അന്തർദേശീയ ഭാഷകളിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് ലഭ്യമാക്കൽ |

**സെക്ഷൻ ഓഫീസർ**